A1/84/2026-CLAD
**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - കേരള ലളിതകലാ അക്കാദമിക്ക് 2026-27 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് ആദ്യ ഗഡു അനുവദിച്ചുത്തരവാകുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.299/2026/CLAD തീയതി,തിരുവനന്തപുരം 20-05-2026

---

പരാമർശം:-
1. 04.01.2021 തീയതിയിലെ 01/2021/ധന. നമ്പർ സർക്കുലർ
2. കേരള ലളിതകലാ അക്കാദമി സെക്രട്ടറിയുടെ 04.05.2026 തീയതിയിലെ KLK.B 567/2026 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള ലളിതകലാ അക്കാദമിക്ക് 2026-27 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ 1,83,74,000/- രൂപ (ഒരു കോടി എൺപത്തിമൂന്ന് ലക്ഷത്തി എഴുപത്തി നാലായിരം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും ആദ്യ ഗഡു അനുവദിക്കുന്നതിന് കേരള ലളിതകലാ അക്കാദമി സെക്രട്ടറി പരാമർശ കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026 മെയ് മാസം 31-ന് മുൻപായി "2205-00-102-91-00-36 (NV)" എന്ന ശീർഷകത്തിന്റെ 2025-26 സാമ്പത്തിക വർഷത്തെ മുഴുവൻ റീകൺസിലിയേഷൻ രേഖകൾ അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചതിന്റെ പകർപ്പ്, 2025-26 സാമ്പത്തിക വർഷത്തെ ധനവിനിയോഗ സർട്ടിഫിക്കറ്റിൽ പരാമർശിച്ചിട്ടുള്ള തുകയുടെ ചെലവ് സ്റ്റേറ്റ് മെന്റ് എന്നിവ ഹാജരാക്കണമെന്ന വ്യവസ്ഥയിൽ കേരള ലളിതകലാ അക്കാദമിക്ക് 2026-27 സാമ്പത്തിക വർഷം "2205-00-102-91-00-36 (NV)" എന്ന പദ്ധതിയേതര ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും 15,00,000/- രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) ആദ്യ ഗഡുവായി റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

3. പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധനകൾ പ്രകാരം കേരള ലളിതകലാ അക്കാദമിയുടെ തൃശ്ശൂർ ജില്ലാ ട്രഷറിയിലുള്ള 713011400000344 എന്ന STSB അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ ആദ്യ ഗഡുവായി അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം, വിശദമായ ചെലവ് വിവരം, അടുത്ത ഗഡുവിനുള്ള പ്രതീക്ഷിത ചെലവ് വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (E 3501723/EDN-D1/85/2026-FIN dated 16.05.2026)
കരുതൽ ഫയൽ

Signed by
ഉത്തരവിൻ പ്രകാരം
Sheeba K P
Date: 20-05-2026 14:37:16
സെക്ഷൻ ഓഫീസർ